Minister for Works (SHRI K. I. VELAYUDHAN): Work up to basement level has been completed. The construction of the main building is in progress.

എക്സൈസ് ഡിപ്പാർട്ടുമെൻറിലെ പരിഷ്കാരം.

* 688. [31] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടർ തലത്തിലെ പരിഷ്കാരം എന്നാണ് നടപ്പാക്കിയത് ;

(ബി) ഇതനുസരിച്ച് സക്കിൾ ഇൻസ്പെക്ടർ കേഡർ നിർത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സക്കിൾ ഇൻസ്പെക്ടർമാർക്ക് എന്തു സ്ഥാനമാണ് നൽകിയിട്ടുള്ളത് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ എ. എ. റഹിം) :

(എ) ഇൻസ്പെക്ടർതലത്തിലുള്ള ഡിപ്പാർട്ടുമെൻറ് പൊതുവായി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള പരിഷ്കാരം നടപ്പാക്കിയത് 1-10-1955 മുതൽ ആണ്.

(ബി) ഉണ്ട്.

(സി) സക്കിൾ ഇൻസ്പെക്ടർമാരിൽ ചിലർക്ക് അസിസ്റ്റൻറ് കമ്മീഷണരായും റവന്യൂബോർഡ് സൂപ്രണ്ടുമാരായും കയറ്റം നൽകുകയുണ്ടായി. മറ്റുള്ളവരെയെല്ലാം അതേ ശമ്പളത്തിൽ ഒന്നാംഗ്രേഡ് എക്സൈസ് ഇൻസ്പെക്ടർമാരായി നിയമിക്കുകയും ചെയ്തു.

പ്രൊഹിബിഷൻ എൻക്വയറി കമ്മിറ്റി റിപ്പോർട്ട്.

* 689. [32] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഇൻഡ്യാഗവണ്മെൻറിൽനിന്നും നിയമിച്ച പ്രൊഹിബിഷൻ എൻക്വയറി കമ്മിറ്റിയുടെ റിപ്പോർട്ട് ഈ ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ ;

(ബി) മുന്നു വർഷത്തിനകം പരിപൂർണ്ണ മദ്യനിരോധനം ഈ സംസ്ഥാനത്തു് ഏർപ്പെടുത്തണമെന്നു് വല്ല നിർദ്ദേശവും ഈ ഗവണ്മെൻറിനു് ഇൻഡ്യാഗവണ്മെൻറിൽനിന്നും ലഭിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഉണ്ട്.

(ബി) കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പ്രായോഗികമായി പ്രസക്തിയില്ലാത്തതുകൊണ്ട് ഈ ചോദ്യത്തിനുത്തരം നൽകുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly